| | |
|---|---|
| വുളൂഇന്റെയും തയമ്മുമിന്റെയും കുളിയുടെയും രൂപങ്ങൾ | صفة الوضوء والتيمم والغسل |
| വുളൂഇന്റെ രൂപം | صفة الوضوء |
| വുളൂഇന്ന് വേണ്ടി നിയ്യത് കരുതി 'ബിസ്മില്ലാഹ്' പറയുക. ശേഷം രണ്ടു കൈയ്യും കഴുകുക. | 1-ينوي الوضوء بقلبه ثم يقول : بسم الله ، ثم يغسل كفيه . |
| വലതുകൈയ്യിൽ വെള്ളമെടുത്ത് വായിൽ കുപ്ലിക്കുകയും തുപ്പിക്കളയുകയും ചെയ്യുക.<br><br>മൂക്കിൽ വെള്ളം കയറ്റുകയും ശേഷം ഇടതുകൈയ്യിന്റെ ചൂണ്ടുവിരലും തള്ളവിരലും മൂക്കിനുമേൽ വെച്ചുകൊണ്ട് ചീറ്റിക്കളയുകയും ചെയ്യുക. | 2-ثمّ يأخذ ماءً بكفه اليمنى و يتمضمض منها « يدخل الماء في فمه ويديره فيه »، ثم يمجّه «أي يخرجه من فمه»<br>ثم يستنشق الماء بمنخريه «أي يسحب الماء بأنفه» ثم يستنثر «أي يخرج الماء من أنفه ويضع سبابته اليسرى وإبهامه على أنفه. |
| മുഖം കഴുകുക. സാധാരണ തലമുടി മുളയ്ക്കുന്നിടം മുതൽ താടിയുടെ അറ്റം വരെ കുത്തനെയും രണ്ടു ചെവികൾക്കിടയിൽ വിലങ്ങനെയുമാണ് മുഖം കഴുകേണ്ട പരിധി. | 3-ثم يغسل وجهه «من منابت شعر الرأس المعتاد إلى منتهى اللّحيين والذقن طولا ، وعرضاً فيما بين الأذنين» |
| കൈകൾ രണ്ടും വിരലറ്റം മുതൽ കൈമുട്ടു വരെ കഴുകുക. വലത്തേതിനെ മുന്തിക്കുക. | 4-ثم يغسل يديه من أطراف الأصابع مع المرفقين، يبدأ بيده اليمنى ثم اليسرى . |
| തല മുഴുവനും തടവുക. ഇരുകൈകൾ കൊണ്ട് തലയുടെ മുൻഭാഗം മുതൽ പിരടി വരെയും അതുപോലെ തിരിച്ചും തടവണം. | 5-ثم يمسح على جميع رأسه ، يمُرُّ يديه من مقدم رأسه إلى القفا ، ثم يردهما لمقدم رأسه . |
| രണ്ട് ചൂണ്ടുവിരലുകൾ കൊണ്ട് ഇരുചെവികളുടെ ഉള്ളിലും തള്ളവിരലുകൾ കൊണ്ട് പുറത്തും തടവുക. | 6-ثم يدخل سبابتيه في فتحة أذنيه ويمسح بإبهاميه ظاهرهما. |
| ഇരുകാലുകളും നെരിയാണിയുൾപ്പെടെ കഴുകുക. | 7-ثمّ يغسل رجليه مع الكعبينً. |
| നിശ്ചയിക്കപ്പെട്ട പരിധികൾക്കപ്പുറം വർദ്ധിപ്പിക്കുന്നതിന്റെ വിധിയെന്താണ് ? | 8- - حكم الزيادة على القدر المشروع ؟ |
| നിശ്ചയിക്കപ്പെട്ട പരിധിക്കു മുകളിലായിക്കൊണ്ട് മൂന്നു പ്രാവശ്യത്തിൽ കൂടുതലായോ, കൈമുട്ടിനു മുകളിൽ തോൾകൈ വരെയോ, നെരിയാണിക്കു മുകളിൽ കണങ്കാൽ വരെയോ കഴുകുന്നതോ പിരടി തടവുന്നതോ അനുവദനീയമല്ല. | 9- لا تجوز الزّيادة على القدر المشروع في الوضوء ، كأن يزيد على ثلاث غسلات ، أو أن يغسل ما فوق المرفق من العضد ، أو ما فوق الكعب من السّاق ، أو أن يمسح الرّقبة. |
| വുളൂഇന്നു ശേഷം ഇങ്ങനെ പറയുക:<br>"അശ്ഹദു അൻ ലാ ഇലാഹ ഇല്ലള്ളാഹു വഹ്ദഹു ലാ ശരീക ലഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു.<br>തിർമിദിയുടെ റിപ്പോർട്ടിൽ ഇങ്ങനെയും കാണാം:<br>"അള്ളാഹുമ്മജ്അൽനീ മിന തത്വാബീന വജ്അൽനീ മിനൽ മുതത്വഹിരീൻ. | 10- ويقول بعد فراغه من الوضوء : "أَشْهَدُ أَنَّ لا إِلَهَ إِلّا اللهُ وَحدَهُ لا شَرِيكَ لَهُ ، وَأَشْهَدُ أَنَّ مُحَمَّداً عَبدُهُ وَرَسُولُهُ "، وفي الترمذي - "اللَّهُمَّ اجعَلنِي مِنَ التَّوَّابِينَ واجعَلنِي مِنَ المُتَطَهِّرِينَ". |
| വുളൂഅ് മുറിയുന്ന കാര്യങ്ങൾ | 13- من نواقض الوضوء |
| മുൻദ്വാരത്തിൽ നിന്നോ പിൻദ്വാരത്തിൽ നിന്നോ മൂത്രം, കാഷ്ഠം, വായു പോലെ വല്ലതും പുറപ്പെടൽ | 1- الخارج من القُبل ومن الدُّبر، كالبول أو الغائط أو الريح. |

| | |
|---|---|
| ഉറക്കം കൊണ്ടോ മോഹാലസ്യം കൊണ്ടോ ബുദ്ധി നീങ്ങിപ്പോകൽ. | 2-زوال العقل بنوم أو إغماء |
| ഒട്ടകമാംസം കഴിക്കൽ. | 3- أكل لحم الإبل |
| **തയമ്മുമിന്റെ രൂപം** | **1- صـفـة الـتـيـمـم** |
| വുളൂഇന്നു പകരമുള്ള ശുദ്ധീകരണ പ്രക്രിയയാണ് തയമ്മും.<br>വുളൂഅ് ചെയ്യേണ്ട അവയവങ്ങളിൽ മൊത്തമായോ ഏതെങ്കിലും ചിലതിലോ വെള്ളം ചേരുന്നതിൽ ആരോഗ്യപരമായ പ്രയാസമുണ്ടാവുമ്പോഴോ അല്ലെങ്കിൽ വെള്ളം ലഭിക്കാതിരിക്കുമ്പോഴോ തയമ്മും ചെയ്യാം.<br>ശുദ്ധമായ മണ്ണാണ് വെള്ളത്തിനു പകരമുപയോഗിക്കുക. | 2- التيمُّم هو : بدلٌ عن طهارة الماء إذا تعذَّر استعمال الماء في أعضاء الطَّهارة أو في بعضها لعدم وجود الماء أو خوف ضررٍ باستعماله ، فيقوم التُّراب مقام الماء. |
| മണ്ണിന്മേൽ അടിക്കുമ്പോൾ വിരലുകൾ വിടർത്തണമെന്നോ മുൻകൈകൾ തടവുമ്പോൾ വിരലുകൾക്കിടയിൽ തടവണമെന്നോ നിയമമില്ല. | 3- ولا يُشرع تفريج الأصابع عند الضَّرب على التُّراب ، ولا تخليل الأصابع عند مسح الكفَّين. |
| തയമ്മുമിന്റെ നിയ്യത്ത് മനസ്സിൽ കരുതി 'ബിസ്മില്ലാഹ്' പറയുക. ശേഷം മണ്ണിൽ രണ്ടുകൈകൾ കൊണ്ട് ഒരു പ്രാവശ്യം അടിക്കുക. ശേഷം ഉള്ളംകൈകൾ കൊണ്ട് മുഖവും മുൻകൈകളുടെ പുറംഭാഗവും തടവുക. | 4- ينوي التيمم بقلبه ثم يقول بسم الله ثم يضرب ضربة واحدة على الأرض ويمسح براحتيه وجهه وظاهر الكفين. |
| **നിർബന്ധ കുളിയുടെ രൂപം** | **صفة الغسل الواجب** |
| കുളിക്കുന്നുവെന്ന നിയ്യത് മനസ്സിൽ കരുതുകയും 'ബിസ്മി' ശബ്ദമില്ലാതെ പറയുകയും ചെയ്യുക.<br>ശേഷം ശരീരം മുഴുവനും വെള്ളമൊഴിക്കുക. തിങ്ങിയതും അല്ലാത്തതുമായ രോമങ്ങൾക്കടിയിലും വെള്ളമെത്തിക്കുക. വായിൽ വെള്ളം കുപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റിച്ചീറ്റുകയും ചെയ്യുക. | ينوي الغسل بقلبه ويقول بسم الله سرًا ، ثم يعمِّم جميع البدن وما تحت الشُّعور الخفيفة والكثيفة بالماء مع المضمضة والاستنشاق. |
| **കുളി നിർബന്ധമാക്കുന്ന കാര്യങ്ങൾ** | **موجبات الغسل:** |
| 1 ജനാബത്ത്: ലൈംഗികബന്ധത്തിലൂടെയോ അല്ലാതെയോ ശുക്ലം പുറപ്പെടൽ, ലൈംഗികാവയവങ്ങൾ തമ്മിൽ ചേരൽ എന്നിവ വഴി ജനാബത്ത് സംഭവിക്കുന്നു. | 1- الجنابة: وتكون بإنزال المنيّ بوطءٍ، أو غيره، أو بالتقاء الختانين. |
| 2- ആർത്തവ രക്തമോ പ്രസവ രക്തമോ പുറപ്പെടൽ. | 2- خروج دم الحيض والنفاس. |
| 3- അല്ലാഹുവിന്റെ മാർഗത്തിലെ രക്തസാക്ഷി ഒഴികെയുള്ളവരുടെ മരണം. | 3- موت غير الشهيد. |
| 4- അവിശ്വാസി മുസ്ലിമാകൽ. | 4- إسلام الكافر. |
| തയ്യാറാക്കിയത്:<br>ഡോ. ഹൈഥം സർഹാൻ,<br>മുദരിസ്, മസ്ജിദുന്നബവി.<br>സൂപ്പർവൈസർ, മഅ്ഹദുസ്സുന്നഃ<br>(mahadsunnah.com) | إعداد : د.هيثم سرحان ، المدرس بالمسجد النبوي والمشرف على « معهد السنة : mahadsunnah.com » |
| പകർപ്പ്, പ്രസാധനം, വിതരണം എന്നിവയ്ക്കുള്ള അവകാശം ലഭ്യമാണ്. | حقوق الطبع والنشر والتوزيع متاحة |
| ബ്രോഷറിന്റെ തർജമയ്ക്ക് sarhaan.com സന്ദർശിക്കുക. അല്ലെങ്കിൽ ബാർകോഡ് സ്കാൻ ചെയ്യുക. | لترجمة المطوية : sarhaan.com أو امسح الباركود |